(ബി) ഉണ്ടെങ്കിൽ ഇത് പ്രതിരോധിക്കുന്നതിന്എന്തെങ്കിലും നടപടികൾ സ്വീകരിച്ചിട്ടുണ്ടോ; വിശദമാക്കാമോ?

ഉത്തരം

(എ) ഉണ്ട്.

(ബി) തൃശ്ശൂർ ജില്ലയിൽ നാരായണമംഗലം, പുല്ലൂറ്റ് തുടങ്ങിയ ഭാഗത്തുനിന്ന് ഇ.എച്ച്.പി. അസുഖം റിപ്പോർട്ട് ചെയ്തതിനെത്തുടർന്ന് കഫോസ് (കേരള യൂണിവേഴ്സിറ്റി ഓഫ് ഫിഷറീസ് ആന്റ് ഓഷ്യൻ സയൻസ്)-ലെ മത്സ്യരോഗ വിഭാഗം പ്രതിനിധികളുടെ സഹായത്തോടെ ഫാമുകളിൽനിന്ന് സാമ്പിളുകൾ ശേഖരിച്ച് കുസാറ്റ് (Kochin University of Science and Technology), CIBA (സെൻട്രൽ ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് ബ്രാക്കിഷ് വാട്ടർ അക്വാകൾച്ചർ), CIFT (സെൻട്രൽ ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് ഫിഷറീസ് ടെക്നോളജി) എന്നീ കേന്ദ്ര സർക്കാർ സ്ഥാപനങ്ങളുടെ ലാബുകളിൽ പരിശോധന നടത്തുകയും ചെയ്തു. രോഗബാധ സ്ഥിരീകരിച്ചതിനെത്തുടർന്ന് മുൻകരുതലുകൾ, രോഗപ്രതിരോധ നടപടികൾ, ബോധവൽക്കരണ പരിപാടികൾ, മത്സ്യകർഷക സംഗമം തുടങ്ങിയവ നടപ്പിലാക്കുന്നതും പുതുതായി നിക്ഷേപിക്കുന്ന ചെമ്മീൻ വിത്തുകളിൽ ഇ.എച്ച്.പി. രോഗാണു ഇല്ലെന്ന് ഉറപ്പാക്കാൻ ആവശ്യമായ പരിശോധനകൾ നടത്തുന്നതും പരിഗണിച്ചുവരുന്നു.

തീരദേശ റോഡുകൾ

144 (1885) ശ്രീ. ആർ . സെൽവരാജ് :
ശ്രീ. വി. പി. സജീന്ദ്രൻ :
ശ്രീ. പി. സി. വിഷ്ണുനാഥ് :
ശ്രീ. ഷാഫി പറമ്പിൽ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മത്സ്യബന്ധനവും തുറമുഖവും എക്സൈസും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) തീരദേശ റോഡുകൾ നിർമ്മിക്കുവാൻ കർമ്മ പദ്ധതി ആവിഷ്കരിച്ചിട്ടുണ്ടോ;

(ബി) എന്തെല്ലാം ഉദ്ദേശ്യലക്ഷ്യങ്ങളാണ് ഇത് വഴി കൈവരിക്കാനുദ്ദേശിക്കുന്നത്;

(സി) ഇത് നടപ്പിലാക്കാൻ ഭരണതലത്തിൽ എന്തെല്ലാം നടപടികളാണ് സ്വീകരിച്ചിട്ടുള്ളത്?

LIBRARY ARCHIVES Kerala Legislative Assembly

LIBRARY ARCHIVES Kerala Legislative Assembly

ഉത്തരം

(എ) ഉണ്ട്. തീരദേശറോഡുകൾ നിർമ്മിക്കുവാൻ ഹാർബർ എഞ്ചിനീയറിംഗ് വകുപ്പിൽ 2009-10 സാമ്പത്തിക വർഷം മുതൽ തീരദേശറോഡുകളുടെ നിലവാരം മെച്ചപ്പെടുത്തൽ പദ്ധതിയിൽ ഉൾപ്പെടുത്തി തീരദേശറോഡുകളുടെ നിർമ്മാണവും പുനരുദ്ധാരണവും ഹാർബർ എഞ്ചിനീയറിംഗ് വകുപ്പ് മുഖേന നടപ്പിലാക്കിവരുന്നു.

(ബി) തീരദേശത്തെ പഞ്ചായത്തുകൾ, കോർപ്പറേഷനുകൾ, മുനിസിപ്പാലിറ്റികൾ, തീരദേശ വാർഡുകൾ, ഉൾനാടൻ മത്സ്യത്തൊഴിലാളികൾ പാർക്കുന്ന സ്ഥലങ്ങൾ, ഉൾനാടൻ മത്സ്യഗ്രാമങ്ങൾ, കായൽ/റിസർവോയർ തീരങ്ങൾ, സർക്കാർ വക മത്സ്യം വളർത്തൽ കേന്ദ്രങ്ങൾ എന്നിവിടങ്ങളിലൂടെ കടന്നുപോകുന്ന റോഡുകളാണ് തീരദേശറോഡുകളുടെ നിലവാരം ഉയർത്തൽ പദ്ധതിയിൽ ഉൾപ്പെടുത്തി നടപ്പിലാക്കിവരുന്നത്. ടി തീരദേശറോഡുകളുടെ നിർമ്മാണം/പുനരുദ്ധാരണത്തിലൂടെ അവിടത്തെ മത്സ്യത്തൊഴിലാളികളുടെ യാത്രാസൗകര്യം സുഗമമാക്കുകയും തദ്വാര ജീവിതനിലവാരം മെച്ചപ്പെടുത്തുകയുമാണ് ലക്ഷ്യമിട്ടിരിക്കുന്നത്.

(സി) എം.എൽ.എ/എം.പി/മറ്റ് വിവിധ പ്രതിനിധികൾ ശിപാർശ ചെയ്യുന്ന റോഡുകൾക്ക് വകുപ്പുതലത്തിൽ തയ്യാറാക്കുന്ന എസ്റ്റിമേറ്റുകൾക്ക് സർക്കാർ ഭരണാനുമതി നൽകി പ്രവൃത്തികൾ നടപ്പിലാക്കിവരുന്നു.

നാരൻ ചെമ്മീൻ ഉത്പാദനം

145 (1886) ശ്രീ. സി. കൃഷ്ണൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മത്സ്യബന്ധനവും തുറമുഖവും എക്സൈസും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കേരളത്തിൽ തദ്ദേശീയ ഇനമായ നാരൻ ചെമ്മീൻ ഉൽപ്പാദനം വർദ്ധിപ്പിക്കുന്നതിനുവേണ്ടി ഫിഷറീസ് വകുപ്പ് എന്തെങ്കിലും പ്രത്യേക പദ്ധതി നടപ്പിലാക്കിയിട്ടുണ്ടോ; ഇല്ലെങ്കിൽ പ്രത്യേക പദ്ധതി നടപ്പിലാക്കാൻ നടപടികൾ സ്വീകരിക്കുമോ;

(ബി) മത്സ്യ വകുപ്പിന്റെയോ അനുബന്ധ ഏജൻസികളുടെയോ നിയന്ത്രണത്തിൽ ഉള്ള ഏതൊക്കെ ഹാച്ചറികളിൽ നിലവിൽ നാരൻ ചെമ്മീൻ വിത്തുൽപ്പാദനം നടത്തുന്നുണ്ടെന്ന് വിശദമാക്കാമോ;

(സി) 2014-15 വർഷത്തിൽ മത്സ്യസമൃദ്ധി പദ്ധതി വഴി എത്ര നാരൻ ചെമ്മീൻ വിത്തുകൾ കർഷകർക്ക് വിതരണം ചെയ്തിട്ടുണ്ടെന്നും ഇതുമായി ബന്ധപ്പെട്ട് എത്ര ടൺ ഉൽപ്പാദനം ഉണ്ടായിട്ടുണ്ടെന്നും ജില്ല തിരിച്ച് വിശദമാക്കാമോ?